ശ്രീ. എം. നാരായണക്കുറുപ്പ്: വയനാട്ടിലെ ആളുകൾ ഇതിൽ തല്പര കക്ഷികളായതുകൊണ്ട് അവരുടെ അഭിപ്രായത്തിന് ഇതിൽ വില കൽപ്പിക്കാതിരിക്കുകയായിരിക്കും കൂടുതൽ നല്ലതെന്ന് തോന്നുന്നുണ്ടോ ?

(ഉത്തരമില്ല.)

ശ്രീ. വി. മദ്ദര: വടക്കൻ മലബാറിൽ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ അടിമക്കച്ചവടം ഉണ്ടെന്നു പറയുന്നതു തെറ്റാണ്. എന്നാൽ അടിമവ്യാപാരം പോലെ ചില കരാറുകൾക്ക് വിധേയമായി പണിയർ സമുദായത്തിൽപ്പെട്ട ചില ആളുകളെക്കൊണ്ട് ജോലി ചെയ്യിക്കുന്നതിനു ചില ജന്മിമാർ ശ്രമിക്കുന്നുണ്ടെന്നുള്ളതു ശരിയാണ്.

WRITTEN ANSWERS

ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികൾ

* 99. [15] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കവും സ്കൂൾ പിക്കറ്റിംഗും ഇപ്പോൾ ഏതു വിധത്തിലിരിക്കുന്നു;

(ബി) ഏതു സ്കൂളിലെ വിദ്യാർത്ഥികൾ പഠിപ്പു മുടക്കിലേർപ്പെട്ടു;

(സി) അവർ ഗവണ്മെൻറിന്റെ മുമ്പിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) ഇതിൽ എന്തെല്ലാം അംഗീകരിച്ചു ;

(ഈ) ഇവരുടെ സിലബസ്സ് വളരെ പ്രയാസമുള്ളതാണെന്നുള്ള ആക്ഷേപത്തിൽ വല്ല യാഥാർത്ഥ്യവും ഉണ്ടോ ;

(എഫ്) ഈ വിദ്യാർത്ഥികൾക്ക് ഒരംഗീകൃത സർട്ടിഫിക്കറ്റ് കൊടുക്കാത്തതിന്റെ കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) അതെല്ലാം അവസാനിച്ചിരിക്കുന്നു.

(ബി) പലപ്പോഴായി പതിനേഴ് സ്കൂളുകളിലെ കുട്ടികൾ പണിമുടക്കിൽ പങ്കെടുത്തു.

(സി, ഡി) ഈ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഈ) അങ്ങിനെ ഒരാക്ഷേപം ഉള്ളതായി ഗവണ്മെൻറിനറിവില്ല. ആക്ഷേപമുണ്ടെങ്കിൽ തന്നെ അതിൽ യാഥാർത്ഥ്യമൊന്നുമില്ല.

(എഫ്) ജൂനിയർ ടെക്നിക്കൽ സ്കൂൾ ലീവിങ്ങ് സർട്ടിഫിക്കറ്റ് വിദ്യാഭ്യാസവകുപ്പിലെ പരീക്ഷാ ബോർഡ് നൽകുന്നതാണ്. അതു ഗവണ്മെൻറംഗീകാരമുള്ളതാണ്.

ചവറ പ്രീമോ പൈപ്പ് ഫാക്ടറി

* 100. [18] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ പ്രീമോ പൈപ്പ് ഫാക്ടറിയുടെ ഇന്നത്തെ പ്രവർത്തനം ലാഭകരമാണോ ;

(ബി) ലാഭമെങ്കിൽ 1961–62, 1962–63 എന്നീ വർഷങ്ങളിൽ എത്ര തുക ഗവണ്മെൻറിനു ലഭിച്ചു ;

† Appendix III

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനിയും പ്രസ്തുത ഫാക്ടറി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു രീതിയിലാണു് വികസനം നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നതു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ലാഭകരമാണു്.

(ബി) 1961–62-ൽ ലാഭമില്ലായിരുന്നു.

1962-63–ൽ 8285 രൂപ 37 പൈസ ലാഭമില്ലായിരുന്നു.

(സി) ഉണ്ടു്.

(ഡി) ഇക്കാര്യം ആലോചനയിലിരിക്കുന്നതേയുള്ളൂ. പൂർണ്ണരൂപം നൽകിക്കഴിഞ്ഞിട്ടില്ല.

വിധവകൾക്കു് പെൻഷൻ

* 101. [21] ശ്രീ. എം. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിധവകൾക്കു് പെൻഷൻ കൊടുക്കുന്നതിനുള്ള പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഈ സാമ്പത്തിക വർഷം ഈ പരിപാടിക്കു് നീക്കിവച്ചിട്ടുള്ള തുക എത്ര് ;

(സി) ഏതെങ്കിലും വിധവയ്ക്കു് പെൻഷൻ നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർക്കു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഇതു സംബന്ധിച്ചു് ഗവണ്മെന്റു് ആർഡർ (No. G. O. (P) 873/63/DD dated 6-12-1963) മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) 2,00,000 രൂപ

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബസ്സു് യാത്രക്കൂലി പുനഃപരിശോധന

* 102. [22] ശ്രീ. ടി. എ. തോമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുയാത്രക്കാരുടെ ബസ്സു് യാത്രക്കൂലി പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്കു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) ബസ്സു് ഫെയർ കുറയ്ക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ബസ്സു് യാത്രക്കൂലി നിരക്കു് പുനഃപരിശോധിക്കണമോഎന്നുള്ള കാര്യം പരിഗണനയിലിരിക്കുകയാണു്.

(ബി) ഫാസ്റ്റു് പാസഞ്ചർ സർവ്വീസുകളുടെ കൂലി നിരക്കു് സാധാരണ സർവ്വീസുകളിലെ നിരക്കിനു് തുല്യമാക്കി കുറച്ചിട്ടുണ്ടു്. സാധാരണ ബസ്സുകളിലെ മിനിമം ചാർജ്ജു് 20 നയാ പൈസയിൽനിന്നും 10 നയാ പൈസയായി

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly